പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1180

12 .03.2015-ൽ
മറുപടിയ്ക്ക്

## 'ഇടുക്കി ജില്ലയിലെ റവന്യൂ അദാലത്ത് '

**ചോദ്യം**
ശ്രീ. കെ. കെ. ജയചന്ദ്രൻ

**മറുപടി**
ശ്രീ.അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

(എ) ഇടുക്കി ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ എത്ര പരാതികൾ ലഭിച്ചുവെന്നും; ഇവയിൽ എത്ര എണ്ണത്തിനു തീർപ്പു കൽപ്പിച്ചുവെന്നുംവിശദമാക്കുമോ;

(എ) ഇടുക്കി ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ ആകെ 38,770 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൽ 27,662 പരാതികൾ പരിഹരിച്ചിട്ടുണ്ട്.

(ബി) ഓരോ താലൂക്കിൽ നിന്നും ഭൂമി സംബന്ധമായ എത്ര പരാതികൾ ലഭിച്ചുവെന്നും. ഇവയിൽ എത്ര എണ്ണം പരിഹരിക്കപ്പെട്ടുവെന്നും വ്യക്തമാക്കുമോ;

(ബി) താലൂക്ക് അടിസ്ഥാനത്തിൽ ഭൂമി സംബന്ധമായി ലഭിച്ചതും തീർപ്പാക്കിയതുമായ പരാതികളുടെ എണ്ണം ചുവടെ ചേർക്കുന്നു :-

| താലൂക്ക് | ലഭിച്ച പരാതികളുടെ എണ്ണം | തീർപ്പാക്കിയ പരാതികളുടെ എണ്ണം |
|---|---|---|
| ഉടുമ്പൻചോല | 6515 | 3934 |
| ഇടുക്കി | 2347 | 1816 |
| പീരുമേട് | 7737 | 7621 |
| ദേവികുളം | 4950 | 3204 |
| തൊടുപുഴ | 3333 | 1930 |

(സി) റവന്യൂ അദാലത്തിൽ ഇതു വരെ പരിഹരിക്കപ്പെടാത്ത പരാതികൾക്ക് തീർപ്പ് കൽപ്പിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുളളതെന്ന് വ്യക്തമാക്കാമോ?

(സി) റവന്യൂ അദാലത്തിൽ പരിഹരിക്കപ്പെടാത്ത പരാതികൾ തീർപ്പുകൽപ്പിക്കുന്നതിനായി റവന്യൂ വകുപ്പ് ഊർജ്ജിത നടപടികൾ തുടർന്നു വരുന്നു. ഇതിന്റെ ഭാഗമായി കളക്ടറേറ്റ്, താലൂക്ക് വില്ലേജ് തലങ്ങളിലായി ഫയൽ വർക്ക് ഷോപ്പുകൾ സംഘടിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ